"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/ബി1-2765/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 25-10-2017

സാമൂഹ്യനീതി ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി മിഷൻ - എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം - അങ്കണവാടി കളോടനുബന്ധിച്ച് LKG UKG ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളോട്കൂടിയ അങ്കണവാടി കണ്ടെത്തുന്നത് - സംബന്ധിച്ച്.

സൂചന : 19-7-2017-ലെ 23-ാമത് ICDS മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം.

ഐസിഡിഎസ് മിഷൻ പ്രകാരം അങ്കണവാടി കേന്ദ്രങ്ങൾ പ്രീ-സ്കൂൾ കുട്ടികൾക്ക് സ്കൂൾ പ്രവേശനത്തിന് സജ്ജരാക്കുന്ന കേന്ദ്രങ്ങൾ ആക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. കുട്ടികൾക്ക് വിവിധ ഭാഷകൾ പഠിപ്പിക്കുന്നതിന് മിഷൻ വ്യവസ്ഥ ചെയ്യുന്നു. കേന്ദ്ര സർക്കാരിന്റെ 2013-ലെ ECCE പോളിസിയിൽ 1-ൽ കൂടുതൽ ഭാഷകൾ പഠിപ്പിക്കാമെന്ന വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ അങ്കണ വാടികളോടനുബന്ധിച്ച് LKG UKG ആരംഭിക്കുന്നത് ഐസിഡിഎസ് മിഷൻ പരിശോധിക്കുകയും ആയത് സ്ഥലവും അടിസ്ഥാന സൗകര്യങ്ങളുമുള്ള അങ്കണ വാടികളിൽ ജില്ലയിൽ ഒരെണ്ണമെങ്കിലും ഇത്തരത്തിൽ നടപ്പിലാക്കാനുള്ള സാധ്യത പരിസോധിക്കുവാനും മേൽ സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ താങ്കളുടെ ജില്ലയിലെ ഒരങ്കണവാടി, സ്ഥലവും (അടിസ്ഥാന സൗകര്യങ്ങളോടകൂടിയത്) കണ്ടെത്തി ഈ കാര്യാലയ ത്തിലേയ്ക്ക് 31-10-2017-ന മുൻപായി റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

ജികെ/ 28-10-17